"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

Signed by
Smitha. L
Date: 28-10-2025 21:08:26

തദ്ദേശസ്വയംഭരണ വകുപ്പ് - ബജറ്റ് പ്രൊപോസൽ - 2023-24 - കണ്ണൂർ മുനിസിപ്പൽ കോർ പ്പറേഷൻ , **പള്ളിക്കുന്ന് സോണൽ-ദേവി റോഡ്- മാകുനി റോഡ്** എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.)വകുപ്പ്**

സ.ഉ.(സാധാ) നം.2590/2025/LSGD തീയതി,തിരുവനന്തപുരം, 28-10-2025

---

പരാമർശം:- 1) 24.10.2023-ലെ സ.ഉ.(സാധാ.)നം.7438/2023/ധന.

2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 11.09.2025-ലെ LSGD/PD/24493/2025-DB5-നമ്പർ കത്ത്

ഉത്തരവ്

2023-24 ലേക്കുള്ള വിശദമായ എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II ക്രമ നം.563 പ്രകാരം 500 ലക്ഷം രൂപ അടങ്കൽ കണക്കാക്കി 20% തുക വകയിരുത്തിയിരുന്നതുമായ **'കണ്ണൂർ മണ്ഡലത്തിൽ ഐ.ടി.ഐ** 'എന്ന പ്രവൃത്തിക്ക് പകരമായി പുതിയ 8 പ്രവൃത്തികൾ ഉൾപ്പെടുത്തിയും, തദ്ദേശസ്വയംഭരണ വകുപ്പിനെ ടി പ്രവൃത്തികളുടെ നിർവ്വഹണ വകുപ്പാക്കിയും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള കണ്ണൂർ കോർപ്പറേഷൻ, **പള്ളിക്കുന്ന് സോണൽ-ദേവി റോഡ് മാകുനി റോഡ്** എന്ന പ്രവൃത്തിക്ക് 38,00,000/- ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. 2023-2024 വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II- മരാമത്തുപണികളുടെ വിശദവിവരങ്ങൾ - വാല്യം II-ൽ ക്രമനം. 563 - ആയി 500 ലക്ഷം രൂപ അടങ്കൽ കണക്കാക്കിയും 20% തുക വകയിരുത്തിയ കണ്ണൂർ അഴിക്കോട് 'മണ്ഡലത്തിൽ ഐ.ടി.ഐ' എന്ന പ്രവൃത്തിക്ക് പകരമായി പരാമർശം (1) പ്രകാരം ഉൾപ്പെടുത്തിയ പ്രവൃത്തികളിൽ ഒന്നായ **'കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ-പള്ളിക്കുന്ന് സോണൽ-ദേവി റോഡ്- മാകുനി റോഡ്"** എന്ന പ്രവൃത്തിക്ക് 38 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയും, ടി പ്രവൃത്തിക്കാവശ്യമായ ചെലവ് 4217-60-051-94(NP) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്.(E:3268169/DEV-3/246/2025-Fin dated 10.10.2025) (AS/LGD/25/46889)

കരുതൽ ഫയൽ. (DB2/646/2025-LSGD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ